# വേളം ഗ്രാമപഞ്ചായത്ത്കാര്യാലയം

**പുളക്കൂൽ പി.ഒ. കോഴിക്കോട് 673507**

Ph:0496-2770109 – email : secretaryvelompanchayath@gmail.com


തിയ്യതി: 19/12/2023

സെക്രട്ടറി
വേളം ഗ്രാമപഞ്ചായത്ത്

ഇൻറ്റേണൽ വിജിലൻസ് ഓഫീസർ
സിവിൽ സ്റ്റേഷൻ
കോഴിക്കോട്

സർ,

വിഷയം : വേളം ഗ്രാമപഞ്ചായത്ത്- കെട്ടിടം നിയമാനുസൃതമല്ലാത്ത കെട്ടിടമായി മാറ്റം വരുത്തിയത് - ലൈസൻസ് അപേക്ഷ - സംബന്ധിച്ച്

സൂചന: ശ്രീ. എ്.പി. അമ്മദ് കോടേര്കണ്ടി എന്നവർ നവകേരളസദസ്സിൽ സമർപ്പിച്ച അപേക്ഷ

വേളം ഗ്രാമപഞ്ചായത്തിലെ വാർഡ് 12 ലെ 447A മുതൽ 447 E വരെയുള്ള 5 മുറി കെട്ടിടങ്ങൾ മുഹമ്മദ് , റാഷിദ്, ജമാൽ കാളാങ്കിയിൽ ഇസ്മയിൽ, അബ്ദുൾ ഹമീദ്, അയ്യൂബ് പറമ്പത്ത് എന്നവരുടെ ഉടമസ്ഥതയിലുള്ളതാണ്.

പ്രസ്തുത കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടക്കുന്നതായി (പാർക്കിംഗ്, ലോഡിംഗ് ആന്റ് അൺലോഡിംഗ് ഏരിയ കെട്ടികുടുക്കി Centralised AC യാക്കി ബെസ്റ്റ് ബൈ ഹൈപ്പര് മാർക്കറ്റ് എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നു. ഒന്നാം നിലയിലെ ടോയ്ലറ്റ് പൂർണ്ണമായും പൊളിച്ചുമാറ്റി സൂപ്പർമാർക്കറ്റിന്റെ ഭാഗമാക്കുകയും അനുമതി കൂടാതെ മുകൾ നില മുഴുവനായും പ്ലാനിൽ നിന്നും അധികരിച്ച് ട്രസ്സ് വർക്ക് ചെയ്ത് സൂപ്പർ മാർക്കറ്റ് ഗോഡൌൺ, കിച്ചണ്,ടോയ്ലറ്റ് ബ്ലോക്ക് എന്നിവ നിർമ്മിച്ചു ഉപയോഗിക്കുകയും) 05/07/2021 അസിസ്റ്റന്റ് എന്ജിനിയർ റിപ്പോർട്ട് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ 18/08/2021 ന് ഉടമയ്ക്ക് താല്കാലിക നോട്ടീസ് നൽകുകയും കൂടാതെ 06/07/2022 തിയ്യതിയിൽ നോട്ടീസ് സ്ഥിരപ്പെടുത്തി നൽകുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും അനധികൃത നിർമ്മാണം പൊളിച്ചു മാറ്റാത്ത സാഹചര്യത്തിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2020-21 റിപ്പോർട്ടിൽ പ്രസ്തുത കെട്ടിടത്തിലെ അനധികൃത നിർമ്മാണം സംബന്ധിച്ച് പരാമർശമുള്ളതിന്റെ

അടിസ്ഥാനത്തിലും 235W വകുപ്പ് പ്രകാരം 19/09/2022 തിയ്യതിയിൽ കെട്ടിടം അനധികൃതകെട്ടിടമായി മാറ്റം വരുത്തി ഉത്തരവാകുകയും ഉടമയ്ക്ക് വല്ലതും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം ബോധിപ്പിക്കുന്നതിനുള്ള നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 19/01/2023ന് കെട്ടിടം നിയമാനുസൃതമല്ലാത്ത കെട്ടിടമായി മാറ്റം വരുത്തി ഉത്തരവാകുകയും ആയത് കക്ഷികളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ യാതൊരു നടപടിയും ഉടമയുടെ ഭാഗത്തുനിന്നും ഉണ്ടാവാത്തതിനാൽ 235W വകുപ്പ് പ്രകാരം 2022-23 First half മുതൽ കെട്ടിടങ്ങൾ സഞ്ചയയിൽ നിന്നും ഒഴിവാക്കുകയും അനധികൃത കെട്ടിടമായതിനാൽ UA/12/1/2023 UNAUTHORISED നമ്പർ നൽകി മൂന്നിരട്ടിയായി നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ 04/10/2023 തിയ്യതിയിലെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിലവിൽ നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ ഏരിയമാത്രം (436.66ച മീ) ഉൾടുത്തി 2022-23 വർഷം മുതൽ അനധികൃത കെട്ടിടങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചതിലെ അപാകത ചൂണ്ടികാണിക്കുകയും ട്രസ്സ് വർക്ക് ചെയ്ത ഏരിയയായ 860.82 ച മീ ന് കൂടി ഉൽപ്പെടുത്തി 2021 ഒന്നാം അർദ്ധവർഷം മുതൽ 1297.48 ച മീ അനധികൃതകെട്ടിടത്തിനുള്ള നികുതി ചുമത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

പ്രസ്തുത കെട്ടിടങ്ങളുടെ നികുതി നിയമാനുസൃതമാക്കി നികുതി അടവാക്കുന്നതിനും സൂപ്പർമാർക്കറ്റിന്റെ ലൈസൻസ് പുതുക്കി നൽകുന്നതിനും സൌകര്യമൊരുക്കുന്നതിന് മുഹമ്മദ് കാളാങ്കിയിൽ എന്നവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിനോടൊപ്പം എ3-5836/2022(1) നമ്പറായുള്ള 21/02/2023 തിയ്യതിയിലെ വേളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് സ്റ്റേചെയ്തുകൊണ്ടുള്ള ബഹു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിന്റെ I.A.No.630/2023 IN APPEAL No.234/2023 വിധി പകർപ്പും ഹാജരാക്കിയിട്ടുണ്ട്. കെട്ടിടങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ നിന്നും DEMOLISH ചെയ്ത് പുതിയ അനധികൃത കെട്ടിടനമ്പർ അനുവദിച്ചതിനു ശേഷമാണ് വിധിപകർപ്പ് ഹാജരാക്കിയത്. അമ്മത് എ.പി. കോടേര്കണ്ടി എന്നവർ വാർഡ് 12 ലെ 447A മുതൽ 447 E നമ്പർ വരെയുള്ള പ്രസ്തുത കെട്ടിടത്തിൽ ബെസ്റ്റ്ബൈ ഹൈപ്പർമാർക്കറ്റ് എന്ന സ്ഥാപനം നടത്തുന്നതിന് ലൈസൻസ് പുതുക്കി നൽകുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും സഞ്ചയയിൽ മേൽ കെട്ടിടങ്ങൾ പുന:സ്ഥാപിക്കുന്നതിന് കഴിയാത്ത സാഹചര്യത്തിൽ ആയതിൽ അഡ്വക്കറ്റിൽ നിന്നും നിയമോപദേശം തേടുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു,

വിശ്വസ്തതയോടെ,

സെക്രട്ടറി
വേളം ഗ്രാമപഞ്ചായത്ത്

Secretary
Velom Grama Panchayat
P.o Poolakkool, Pin: 673507

# വേളം ഗ്രാമപഞ്ചായത്ത്കാര്യാലയം

**പൂളക്കൂൽ പി.ഒ. കോഴിക്കോട് 673507**

Ph:0496-2770109 – email : secretaryvelompanchayath@gmail.com


തിയ്യതി: 19/12/2023

സെക്രട്ടറി
വേളം ഗ്രാമപഞ്ചായത്ത്

ഇൻറ്റേണൽ വിജിലൻസ് ഓഫീസർ
സിവിൽ സ്റ്റേഷൻ
കോഴിക്കോട്

സർ,

വിഷയം : വേളം ഗ്രാമപഞ്ചായത്ത്- കെട്ടിടം നിയമാനുസൃതമല്ലാത്ത കെട്ടിടമായി മാറ്റം വരുത്തിയത് സംബന്ധിച്ച്

സൂചന: ശ്രീ. മുഹമ്മദ് കാളാങ്കി എന്നവർ നവകേരളസദസ്സിൽ സമർപ്പിച്ച അപേക്ഷ

വേളം ഗ്രാമപഞ്ചായത്തിലെ വാർഡ് 12 ലെ 447A മുതൽ 447 E വരെയുള്ള 5 മുറി കെട്ടിടങ്ങൾ മുഹമ്മദ് , റാഷിദ്, ജമാൽ കാളാങ്കിയിൽ ഇസ്മയിൽ, അബ്ദുൾ ഹമീദ്, അയ്യൂബ് പറമ്പത്ത് എന്നവരുടെ ഉടമസ്ഥതയിലുള്ളതാണ്.

പ്രസ്തുത കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടക്കുന്നതായി (പാർക്കിംഗ്, ലോഡിംഗ് ആന്റ് അൺലോഡിംഗ് ഏരിയ കെട്ടികുടുക്കി Centralised AC യാക്കി ബെസ്റ്റ് ബൈ ഹൈപ്പര് മാർക്കറ്റ് എന്ന സ്ഥാപനം പ്രവർത്തിച്ചു വരുന്നു. ഒന്നാം നിലയിലെ ടോയ്ലറ്റ് പൂർണ്ണമായും പൊളിച്ചുമാറ്റി സൂപ്പർമാർക്കറ്റിന്റെ ഭാഗമാക്കുകയും അനുമതി കൂടാതെ മുകൾ നില മുഴുവനായും പ്ലാനിൽ നിന്നും അധികരിച്ച് ട്രസ്സ് വർക്ക് ചെയ്ത് സൂപ്പർ മാർക്കറ്റ് ഗോഡൌൺ, കിച്ചണ്,ടോയ്ലറ്റ് ബ്ലോക്ക് എന്നിവ നിർമ്മിച്ചു ഉപയോഗിക്കുകയും) 05/07/2021 അസിസ്റ്റന്റ് എന്ജിനിയർ റിപ്പോർട്ട് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ 18/08/2021 ന് ഉടമയ്ക്ക് താല്കാലിക നോട്ടീസ് നൽകുകയും കൂടാതെ 06/07/2022 തിയ്യതിയിൽ നോട്ടീസ് സ്ഥിരപ്പെടുത്തി നൽകുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും അനധികൃത നിർമ്മാണം പൊളിച്ചു മാറ്റാത്ത സാഹചര്യത്തിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2020-21 റിപ്പോർട്ടിൽ പ്രസ്തുത കെട്ടിടത്തിലെ അനധികൃത നിർമ്മാണം സംബന്ധിച്ച് പരാമർശമുള്ളതിന്റെ അടിസ്ഥാനത്തിലും 235w വകുപ്പ് പ്രകാരം 19/09/2022 തിയ്യതിയിൽ കെട്ടിടം അനധികൃതകെട്ടിടമായി മാറ്റം വരുത്തി ഉത്തരവാകുകയും

ഉടമയ്ക്ക് വല്ലതും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം ബോധിപ്പിക്കുന്നതിനുള്ള നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.. കൂടാതെ 19/01/2023 ന് കെട്ടിടം നിയമാനുസൃതമല്ലാത്ത കെട്ടിടമായി മാറ്റം വരുത്തി ഉത്തരവാകുകയും ആയത് കക്ഷികളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ യാതൊരു നടപടിയും ഉടമയുടെ ഭാഗത്തുനിന്നും ഉണ്ടാവാത്തതിനാൽ 235w വകുപ്പ് പ്രകാരം 2022-23 First half മുതൽ കെട്ടിടങ്ങൾ സഞ്ചയയിൽ നിന്നും ഒഴിവാക്കുകയും അനധികൃത കെട്ടിടമായതിനാൽ UA/12/1/2023 UNAUTHORISED നമ്പർ നൽകി മൂന്നിരട്ടിയായി നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ 04/10/2023 തിയ്യതിയിലെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിലവിൽ നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ ഏരിയമാത്രം (436.66ച മീ) ഉൾടുത്തി 2022-23 വർഷം മുതൽ അനധികൃത കെട്ടിടങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചതിലെ അപാകത ചൂണ്ടികാണിക്കുകയും ട്രസ്സ് വർക്ക് ചെയ്ത ഏരിയയായ 860.82 ച മീ ന് കൂടി ഉൾപ്പെടുത്തി 2021 ഒന്നാം അർദ്ധവർഷം മുതൽ 1297.48 ച മീ അനധികൃതകെട്ടിടത്തിനുള്ള നികുതി ചുമത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

പ്രസ്തുത കെട്ടിടങ്ങളുടെ നികുതി നിയമാനുസൃതമാക്കി നികുതി അടവാക്കുന്നതിനും സൂപ്പർമാർക്കറ്റിന്റെ ലൈസൻസ് പുതുക്കി നൽകുന്നതിനും സൌകര്യമൊരുക്കുന്നതിന് മുഹമ്മദ് കാളാങ്കിയിൽ എന്നവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിനോടൊപ്പം എ3-5836/2022(1) നമ്പറായുള്ള 21/02/2023 തിയ്യതിയിലെ വേളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് സ്റ്റേചെയ്തുകൊണ്ടുള്ള ബഹു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിന്റെ I.A.No.630/2023 IN APPEAL No.234/2023 വിധി പകർപ്പും ഹാജരാക്കിയിട്ടുണ്ട്. കെട്ടിടങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ നിന്നും DEMOLISH ചെയ്ത് പുതിയ അനധികൃത കെട്ടിടനമ്പർ അനുവദിച്ചതിനു ശേഷമാണ് വിധിപകർപ്പ് ഹാജരാക്കിയത്. സഞ്ചയയിൽ മേൽ കെട്ടിടങ്ങൾ പുനഃസ്ഥാപിക്കുന്നതിന് കഴിയാത്ത സാഹചര്യത്തിൽ ആയതിൽ അഡ്വക്കറ്റിൽ നിന്നും നിയമോപദേശം തേടുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി
വേളം ഗ്രാമപഞ്ചായത്ത്

Secretary
Velom Grama Panchayat
P.o Poolakkool, Pin:673507